



# E ചാതുരി

## ചൊവ്വ ഹയർസെക്കൻഡറി സ്കൂൾ

## കണ്ണൂർ

## ഡിജിറ്റൽ മാഗസിൻ *2024*

# സന്ദേശം



2023-24 അധ്യയന വർഷത്തിൽ "ലിറ്റിൽകൈറ്റ്സ്" വിദ്യാർത്ഥികൾപഠനപ്രവ ർത്തനത്തിന്റെ ഭാഗമായി സ്വന്തമായി തയ്യാറാക്കിയ *E* ***ചാതുരി*** എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു..

ഇ മിനി
പ്രധാനാധ്യാപിക

ചൊവ്വ എച്ച് എസ് എസ്

# മുഖമൊഴി

കാലം ഒഴുകികൊണ്ടിരിക്കുകയാണ്. ചരിത്രമുറങ്ങുന്ന ഇന്നലെകളിൽ നിന്ന് യാഥാർത്ഥ്യത്തിൻെ്റ ഇന്നിലൂടെ പ്രതീക്ഷകളുടെ, സ്വപ്നങ്ങളിലൂടെ നാളെയിലേക്ക്.

ചൂണ്ടുവിരലുകൾകൊണ്ട് മണലിൽ അക്ഷരങ്ങളുടെ മഴവില്ല് സൃഷ്ടിച്ച മനുഷ്യൻ എഴുത്താണിയിലൂടെ അറിവിൻെറ ഗോപുരങ്ങൾ കീഴടക്കി. കടലാസിൻെ്റയും അച്ചടിയുടെയും അകമ്പടിയോടെ അവൻ തുടരുന്ന യാത്ര ഇന്നിതാ സാങ്കേതികവിദ്യയുടെ പുത്തൻ മേച്ചിൽ പുറങ്ങൾ തേടുന്നു.

ആ യാത്രയിൽ ചൊവ്വ ഹയർ സെക്കൺണ്ടറിയിലെ കുട്ടികളും പങ്കുചേരുന്നു . ഈ ഡിജിറ്റൽ മാഗസീൻ അതിൻെറ മുന്നോടിയാണ്. ലിറ്റിൽ കൈറ്റ്സിൻെറ പരിശീലനത്തിലൂടെ കിട്ടിയ അറിവാണ് ഈയൊരു ശ്രമത്തിന് ഞങ്ങൾക്ക് ധൈര്യം നൽകിയതെന്ന് നന്ദിയോടെ സ്മരിക്കട്ടെ ........ഒന്നു കൂടി........... .

പഠനത്തിൻെറ  തിരക്കുകൾക്കിടയിൽ നോട്ടുപുസ്തകത്തിൻെറ കാണാപ്പുറങ്ങളിൽ എപ്പഴൊക്കെയോ കുത്തികുറിച്ചിട്ട വാക്കുകളാണ് ഇവിടെ പ്രകാശിതമാകുന്നത്. ഇതിൻെറ സൗന്ദര്യവൈരൂപ്യങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ ഇതുകൂടി ഓർക്കണമെന്ന അഭ്യർത്ഥനയോടെ ഇനി നിങ്ങളുടെ കൈകളിലേക്ക്....

# കാരിച്ചി"




രാവിലെ എണീറ്റ് മുറ്റത്തേക്ക്
നോക്കിയപ്പോൾ പതിവ് കാഴ്ചകൾ തന്നെ ടോമി നിർത്താതെ

കുരക്കുന്നു

ടോമി അപ്പർത്തെ വീട്ടിലെ നായയാണ്

നല്ല സ്നേഹമുള്ള നായ ദോശ

എറിഞ്ഞ് കൊടുത്താൽ ചാടിപിടിക്കും

പതിവ് ദോശ കിട്ടിയാൽ മുക്കിയും മൂളിയും വാലാട്ടിയും
മെല്ലെപോകും അടുത്ത വീട്ടിലേക്ക്

അപ്പോഴാണ് ശ്രദ്ധിച്ചത് കരിച്ചിയെ കാണാനില്ല കാരിച്ചി നല്ല
കറുപ്പിൽ മഞ്ഞ

പുള്ളിയുള്ള സുന്ദരി പിടക്കോഴി കോഴിക്കൂട്ടിൽ നിന്നും കലപില
ശബ്ദം കേട്ടു കോഴികളെ

തുറന്നു വിട്ടില്ല അപ്പോഴാണ് ശ്രദ്ധിച്ചത് അടുക്കളയിൽ അമ്മ
തിരക്കിട്ട പണിയിൽ ആണ്

'എന്താണമ്മേ ഇന്നത്തെ സ്പെഷൽ അമ്മ പറഞ്ഞു നീയാ കോഴിയെ ഒന്നു പിടിച്ചെ

ഇന്നതിനെ ശരിയാക്കണം ഏത് കോഴിയെ കരിച്ചിയെ ഞാൻ അല്പം വിഷമത്തോടെ

ചോതിച്ചു എന്തിനാ അമ്മെ അതിനെ ഇപ്പോ കൊല്ലുന്നെ ആ കൊത്തുന്ന പൂവനെ

കൊന്നാ പോരെ. കാരിച്ചി, കുവീനി പോലും അതുകൊണ്ടാ അയിനെ കൊല്ലുന്നെ....

ഞാൻ ആവുന്ന രീതിയിലൊക്കെ പറഞ്ഞു നോക്കി..... അല്ല ഇപ്പോ പിടക്കോഴി കവിയാൽ എന്താ
ഇപ്പോ പ്രശ്നോം

Ashok payyannur
teacher chovva hss

# ചങ്ങാത്തം

നിമിത സദാനന്ദൻ



ചിന്നൂ.... എന്ന നീട്ടി വിളികേട്ടാണ് അന്ന് ചിന്നു പൂച്ച ഉച്ചമയക്കത്തിൽ നിന്നുണർന്നത്. അമ്മിണിക്കുട്ടിയാണ് . സ്കൂൾ വിട്ടുള്ള അമ്മിണിക്കുട്ടിയുടെ വരവാണ് . ഉത്സാഹത്തോടെ ഇടതുർന്ന മിനുമിനുത്ത വാലുമിളക്കി അമ്മിണിക്കുട്ടിയുടെ അടുത്തെത്തി മുട്ടിയുരുമ്മി. പതിവിയും നേരത്തേ വന്ന അമ്മിണിക്കുട്ടി പഠിക്കാനുള്ള തയ്യാറെപ്പിലാണെങ്കിലും ചിന്നു പൂച്ചയുമായി കുസൃതിക്കളി കളിക്കാൻ മറന്നില്ല. അമ്മിണിക്കുട്ടിയെ പഠിക്കാൻ വിട്ടുകൊണ്ട് പുറത്തെ വരാന്തയിൽ വേനൽതുമ്പികളെ നോക്കി വിണ്ടും മയങ്ങാനുള്ള തയ്യാറെടുപ്പിൽ അമ്മിണിക്കുട്ടിയുടെ വീട്ടിൽ ആദ്യമായി വന്നനാൾ ഓർമ്മകളിൽ ഓടി എത്തി. അന്ന് ആ സന്ധ്യയിൽ അക മ്മിണിക്കുട്ടിയുടെ അടുക്കള വാതിലിൽ തലമുട്ടി മ്യാവൂ മ്യാവൂ

കരഞ്ഞപ്പോൾ  വാതിൽതുറന്ന് അമ്മിണിക്കുട്ടിയുടെ അച്ഛൻ ചിന്നപ്പൂച്ചയുടെ ദൈന്യത കണ്ടിട്ടാണോ എന്നറിയില്ല  ഓടിക്കാതെ നോക്കിനിന്ന് തിരികെപ്പോയി. അപരിചിതയായ പൂച്ചയുടെ ഇണക്കം കണ്ടിട്ടാവണം ഭക്ഷണം തരാനും തലോടാനും തുടങ്ങിയത് . അമ്മിണിക്കുട്ടിയുടെ കുഞ്ഞനുജൻ കുഞ്ഞൻ ഓടിവന്ന് വാലിൽ പിടിക്കുന്നത് കണ്ടിട്ടാവണം അമ്മിണിക്കുട്ടിയുടെ അമ്മ നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ എന്നു പറ ഞ്ഞ് ദേഷ്യപ്പെടുന്നു. നീ അതിനെ ദ്രോഹിക്കരുതെന്ന് പറഞ്ഞ് തിരിച്ചപോയ അച്ഛൻ നിന്നെപോലൊരു പൂച്ചക്കുട്ടി പുറത്തുവന്നിരിപ്പുണ്ടെന്ന് അമ്മിണിക്കുട്ടിയുടെ കുഞ്ഞനുജത്തി കുഞ്ഞാറ്റയോട് പറയുന്നത് കേട്ടു. അന്നുമുതൽ ചിന്നപൂച്ച ആ വീട്ടിലെ ഒരംഗമായി. അമ്മിണിക്കുട്ടിയും കുഞ്ഞനും കുഞ്ഞാറ്റയും ചിന്നപ്പൂച്ചയും ചേർന്നുള്ള കുസൃതിക്കളികളുടെ ദിനങ്ങൾ സന്തോഷത്തിന്റെ നാളുകളായി.

 എല്ലാവർക്കും ചിന്നപൂച്ചയെ ഇഷ്ട്ടമായിരുന്നെങ്കിലും അയൽപക്കത്തെ വീട്ടുകാർ അതിനെ ഓടിച്ചുവിട്ടുവാൻ തരം നോക്കുമായിരുന്നു. അയൽപക്കത്തെ കുട്ടികളുടെ അമ്മ പൂച്ചകളെ അകറ്റണം, പൂച്ച ഭക്ഷണത്തിൽ മുഖം കുത്തും എന്നൊക്കെ പറയുന്നതുകേട്ട് പൂച്ചയുടെ നാവിന് ഔഷധഗുണമാണ് ഉള്ളതെന്ന സത്യം അയൽ പക്കത്തെ വീട്ടുകാർക്ക് അറിയില്ല എന്ന് പറഞ്ഞ് അമ്മിണിക്കുട്ടിയുടെ അച്ഛൻ അമർഷം പ്രകടിപ്പിക്കാറുണ്ടായിരുന്നു. രാത്രിയിൽ ചിന്നപ്പൂച്ചയുടെ സ്ഥിരം ഇരിപ്പിടമായ മുറ്റത്ത് വച്ചിരിക്കുന്ന അമ്മിണിക്കുട്ടിയുടെ അച്ചന്റെ ബൈക്കിന്റെ പിൻസീറ്റിൽ ഇരിക്കുമ്പോഴാണ് അയലത്തെ വീട്ടിലെ കുട്ടികളുടെ അച്ഛൻ ഒരു നായയുമായി അവരുടെ വീട്ടിലേക്ക് വന്നത്.അത് പാണ്ടൻ നായയാണ്. അതിന്റെ കണ്ണുകൾ കാണുമ്പോൾ ഭയമാകുന്നു എന്ന്

*E* **ചാതുരി**

അമ്മിണിക്കുട്ടിയുടെ അമ്മ പറയുന്നുണ്ടായിരുന്നു. ചിന്നക്കുട്ടി അപ്പുറത്തൊന്നും പോവണ്ട എന്ന് അമ്മിണിക്കുട്ടി പറയുന്നുണ്ടായിരുന്നു. അപ്പുറത്തെ വീട്ടുകാർ ആ നായയെ പാണ്ടു എന്നാണ് വിളിക്കാറുള്ളത്. പാണ്ടു എല്ലാവരെയും കുരച്ചു ഭയപ്പെടുത്താറുണ്ട്. അതിലേറെ സങ്കടം എന്താണെന്നുവച്ചാൽ പാണ്ടുവിന്റെ കുര അസഹ്യമായതിനാൽ അമ്മിണിയുടെ അച്ഛന് ഉറക്കമില്ലാതായി. ചങ്ങലക്കിട്ടിരുന്നെങ്കിലും പാണ്ടു ചിന്നുവിനു നേരെ ആക്രോശിച്ചടുക്കാറുണ്ടായിരുന്നു.

ഒരു ദിവസം നിലാവുള്ള രാത്രി മുറ്റത്തെ ബൈക്കിന്റെ സീറ്റിൽ മിനുസമുള്ള വാലുമിളക്കി ചിന്നു വെറുതെ കിടക്കുമ്പോൾ പാണ്ടൻനായ കുരച്ചുകൊണ്ട് അടുത്തെത്തി. ഭീതിയേറുന്ന അവന്റെ കൂർത്ത പല്ല് നോക്കി ചിന്നുപ്പൂച്ച ഒരുങ്ങി ഇരുക്കുമ്പോഴാണ് കുറ്റിച്ചെടിയിലെ വള്ളിപ്പടർപ്പിനടിയിൽ നിന്ന് ഒരു പാമ്പ് ഇഴഞ്ഞുവന്ന് പാണ്ടുവിന്റെ കഴുത്തിന് കടിച്ചത്. പാമ്പിന് നേരെ തിരിഞ്ഞ പാണ്ടുവിന്റെ കുരകേട്ട് അമ്മിണിക്കുട്ടിയും വീട്ടുകാരും അയലത്തെ വീട്ടുകാരും ഓട്ടിയെത്തി. അപ്പോഴേക്കും പാമ്പ് ഒന്നുകൂടി പത്തി വിടർത്തി കുറ്റിക്കാട്ടിലേക്ക് തെന്നിമാറി. വിഷപ്പാമ്പിന്റെ കടിയേറ്റ പാണ്ടുവിനെകണ്ട് എല്ലാവരും അങ്കലാപ്പിലായി. പാണ്ടൻനായ ഏതാനും സമയം കഴിയുമ്പോൾ മരിക്കും. ചിന്നുപ്പൂച്ച ഒട്ടും അമാന്തിച്ചില്ല. തന്നെ ആക്രമിക്കുന്നത് വകവെക്കാതെ പാണ്ടുവിൻ്റെ മുറിവ് തന്റെ നാവുകൊണ്ട് നക്കി വിഷം കളഞ്ഞു. പാണ്ടൻ നായക്ക് ജീവൻ തിരിച്ചുകിട്ടി. പിന്നെ അവിടെ ചിന്നു പൂച്ചയും അമ്മിണിക്കുട്ടിയും കുഞ്ഞനും കുഞ്ഞാറ്റയും പാണ്ടനും കൂട്ടുകാരായി. അവിടെ പൂച്ചയുടെ നാവിന് ഔഷധഗുണമുണ്ടെന്ന് അമ്മിണിക്കുട്ടിയുടെ അച്ഛന്റെ വാക്കുകൾ അർത്ഥവത്താവുകയായിരുന്നു.

E ചാതുരി

ചിന്നൂന്നുള്ള  വിളികേട്ട് ചിന്നപ്പൂച്ച വീണ്ടും ഓർമ്മകളിൽ നിന്നുണർന്നു. എനി കളിയാണ്  അമ്മിണിക്കുട്ടിയും  കുഞ്ഞനും കുഞ്ഞാറ്റയും ചിന്നുവും ***ഒപ്പം പാണ്ടുവും.***



# കാത്തുനിൽക്കുന്നു.



ഭൂമിയുടെ പഞ്ചാതാപത്തിൽ
നിന്നുറവിടുന്ന
കാലപകർച്ചയ്ക്കു നേരെ വിരൽചൂണ്ടി
നിക്കു !
അന്നവിടെ കാണാം ഭൂമി ദൃശ്യങ്ങൾ
അന്നോർക്കാം മഞ്ഞിൽ സുഗന്ധമുള്ള
നാട്ടുവഴികൾ

കിഴക്കു സൂര്യനുദിക്കുമ്പോൾ മഞ്ഞ് തുള്ളി
സ്പർശം
ഇലകളെ തഴുകുമ്പോൾ അവളുടെ
വരവിനായി കാത്തനിൽക്കുന്നു.
അവൾക്കുവേണ്ടി നീക്കിയെൻ
ദിനങ്ങൾ -
വിസ്മൃതി ലോകത്തേക്ക് മാഞ്ഞുപോയി
!

നാട്ടുവഴിയിൽ പുഞ്ചിരിതൂളുമ്പുന്ന ആ
മുഖത്തോടു
കൂടിയ അവളുടെ പൂമാല
കാർകുന്തലിനെ
ഭംഗിയാക്കി  നാട്ടുവഴിയിൽ
കാലപകർച്ചെ
നീക്കിയതും ദൈവ നിശ്ചയം..

അങ്ങകലെ മണ്ണിൽ തരികൾ
അടുക്കിവച്ച്
ഭൂമിയുടെ ഉപരിതലത്തിൽ നിന്ന്
കെട്ടിടങ്ങൾ ഉയർന്നും
വന്നതും കാലഹ്ലട്ട തലമുറ
തന്നെയാൻ തന്നെയും
നാട്ടുവഴിയുടെ സുഗന്ധം മറന്നുകൊണ്ട് !

മാരി കാർമുകിൻചിത്രം പോൽ എൻ
ചിന്തകളിൽ അവളുടെ പുഞ്ചിരി എന്നുമാത്രം.

മഴവില്ലു പോലെ മനസ്സിൽ നിറയുന്നതും
അവളുടെ മോഹങ്ങൾ ഉണരുന്നുയെന്നിൽ.

നാട്ടുവഴിയിൽ അന്ന് കണ്ട കാഴ്ച,
എന്നിലെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നു
വഴിയോരത്തുണരുന്ന മണ്ണിൻ നിരകൾ
വിഗ്രഹം പോൽ ക്രമീകരണം.



കൺമഷി പുരണ്ട അവളുടെ മിഴികളെ
അത്രയും പ്രിയതമയാണെനിക്കൻ പ്രിയതമേ
നാട്ടുവഴിയും ജനൽ പാളികളിൽ നിന്നകലെ
പ്രത്യക്ഷപ്പെട്ടു ആനാട്ടുവഴി

നാട്ടുവഴിയുടെ സുഗന്ധം നിളെ പറക്കുമ്പോൾ
അന്ന് നീയോർക്കും എൻ പ്രണയം !
ഇനിയുള്ള കാലം. കാത്തുനിന്നീടും
ആ സഞ്ചാര ലോകത്തിൻ ; നാട്ടുവഴിയിൽ...!!!

- വിസ്മയ ഷാജു.

(നഷ്ട്പെട്ട തന്റെനാട്ടുവഴിയേയും പ്രണയിനിയേയും കാത്തുനിൽക്കുന്ന ഒരു പരിശുദ്ധമനസ്സിൻ ഉടമയെയാണ് ഈ കവിതയിൽ പരാമർശിക്കുന്നത്)

# സൗഹൃദം

എന്നോ വേർപിരിഞ്ഞ കൂട്ടുകാർ ഏറെ കഴിഞ്ഞിട്ടും അവരുടെ ഉള്ളം പഴയ ഓർമ്മകളിൽ നിറഞ്ഞു നിന്നു .എത്രയെത്ര ഓർമ്മകൾ, അത് അവരുടെ ഇന്നത്തെ ജീവിതത്തിലും ജ്വലിച്ചുനിന്നു. ഒരുമിച്ച് സ്കൂളിൽപോകുമ്പോഴുള്ള കുസൃതികൾ തുടങ്ങി, ക്ലാസ്സ് മുറികളിലൂടെ ഉള്ള പഴയ വിശേഷങ്ങൾ ഒരുമിച്ച് കളിച്ചുനടന്നത് അങ്ങനങ്ങനെ എത്ര സന്തോഷമായിരു ന്ന ആ കാലം ഇരുവർക്കും. വീണ്ടും കണ്ടു- മുട്ടുമെന്ന്കരുതിയതല്ല. തിരക്ക് പിടിച്ച്. ജീവിതസാഹചര്യത്തിൽ ബാല്യകാലം എന്നും സന്തോഷമുള്ളഓർമ്മകളായിരുന്നു. ആഇന്ന് അവർ രണ്ടു പേരും പുതിയ ജീവിതവും | കുടുംബമായി പോകുന്നു. പക്ഷെപരസ്പരം കണ്ടപ്പോൾ സന്തോഷംകൊണ്ട് നിറഞ്ഞ മനസ്സും ഇ കണ്ണുമായി അവരിവരും തങ്ങളുടെസഹൃദത്തെ പഴയതിലും ദൃഢമാക്കികൊണ്ട് അവർ സന്തോഷമായി
സുന്ദരവുമായി ജിവിക്കാൻ തുടങ്ങി.

***ജാൻവി-എസ്***



## മുയലിന്റെകൊമ്പ് -

## ആസ്വാദനകുറിപ്പ്




മുയലിന്റെകൊമ്പ് എന്നത്ഒരു കുഞ്ഞുകഥാസമാഹാരമാണ്.

(ഇത് പി. നാരായണക്കുറിപ്പ് എന്ന പ്രശസ്തനായ കഥാകൃത്തിന്റേതാണ്.

ഈ ബാലസാഹിത്യകൃതിയിൽ എട്ട് കഥാസമാഹാരങ്ങളാണ് ഉള്ളത് കുട്ടികൾക്ക് ഈ കഥകൾ

നന്നായി മനസിലാക്കാനും പുതിയ കാര്യങ്ങൾ ഇനിയും ചിന്തിക്കാനും ഈ കഥകളിലൂടെ

കഴിയും. ഓരോകഥയിലും വ്യത്യസ്ത ആശയങ്ങളാണ് ഉള്ളത്. ആദ്യത്തെ കഥയിൽ

അധ്യാനം ചെയ്യണ്ടതിൻ്റെ പ്രാധാന്യത്തെപറ്റിയും രണ്ടാമത്തെ കഥയി ൽ അഹങ്കാരം

നന്നല്ല എന്നും, പിന്നെ മറ്റൊരു കഥയിൽ നന്മയെ പറ്റിയും എടുത്തുചാട്ടത്തിൻ്റെ പ്രശ്ന

ങ്ങളെ പറ്റിയും ഒതക്കെ പറയുന്നു. ലളിതവും സരസവുമായ ആഖ്യാനശൈലിയാണ് ഈ

കഥകളുടെ പൊതുവായ ഒരു സവിശേഷത്. ഇതിൽ ഒരു കഥയുടെ ആശയം ഞാൻ വ്യക്തമാക്കാം . മുയലിൻ്റെ കൊമ്പ് എന്നാണ് ആദ്യത്തെ കഥയുടെ പേര്. പണ്ടൊക്കെ ഉറുമ്പുകൾക്ക് തവളയുടെ അത്രയും വലിപ്പം ഉണ്ടായിരുന്നു. ഉറുമ്പ്

പിന്നീട് മുയൽ അവർ ക്ക് നൽകിയ ഉപദേശത്തിന് ശേഷം അവർ അധ്വാനിക്കാൻ എന്നതാണ് കഥാ കഥയുടെ ഉള്ളടക്കം ഈ കഥ ഒരുപാട് ആശയങ്ങളും ഗുണപാഠങ്ങളും മറ്റുള്ളവർക്ക് പകർന്നു നൽകുന്നു. അതു കൊണ്ട് തന്നെ എനിക്ക് ഈ കഥാകാരൻ്റെ ആശയങ്ങളും എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു.

സ്നേഹ സംഗീത-കെ

## കണ്ണവം കാട്ടിലേക്ക് ഒരു പഠനയാത്ര

കണ്ണവം കാട്ടിലേക്ക് ഒരു പഠനയാത്ര എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു വ്യത്യസ്ത അനുഭവമായിരുന്നു. എന്റെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത ദിവസമായിരുന്നു അത്. രാവിലെ മാനത്ത് കുങ്കുമപ്പൊട്ട് തെളിയുന്നതിനു മുൻപുതന്നെ ഞാൻ തെളിഞ്ഞു. രാവിലെത്തന്നെ എന്തെന്നില്ലാത്ത ഒരു ഉത്സാഹം! പ്രഭാതകൃത്യങ്ങൾ ഒക്കെത്തന്നെ കഴിഞ്ഞ് ഉടൻ തന്നെ ഏഴേ കാല് ആയപ്പോഴേക്കും സ്കൂളിൽ എത്തി. ഏകദേശം 50 കുട്ടികളും ടീച്ചർമാരും രക്ഷിതാക്കളും അവിടെയുണ്ടായിരുന്നു.ടീച്ചർമാരും ഞങ്ങൾ കുട്ടികളും താജ് മഹൽ' എന്ന ബസിലേക്കു കയറി. ഞാൻ ആഗ്രഹിച്ചപോലെ സൈഡ് സീറ്റ് തന്നെ കിട്ടി. കുറച്ച് കാഴ്ച്ചകളൊക്കെ ഇരുന്ന് ആസ്വദിച്ചെങ്കിലും പാട്ട് കേട്ടപ്പോൾ ഞാനും സ്വസ്തികയും ഡാൻസ് കളിക്കാൻ തുടങ്ങി. ആദ്യം ഞങ്ങൾ മാത്രമേ കളിച്ചുള്ളൂ എങ്കിലും പിന്നീട് പല കുട്ടികളും ഞങ്ങളുടെ കൂടെ ചേർന്നു. കുറേ കളിച്ച് ഞങ്ങൾ ക്ഷീണിതരാവുമ്പോഴേക്കും കണ്ണവം എന്ന റോഡ് കണ്ടപ്പോൾ നമ്മുടെ സ്ഥലത്തെത്തി എന്ന് എനിക്ക് മനസിലായി. ബസിറങ്ങി ഞങ്ങൾ ചെറിയൊരു കുന്ന് കയറി. ഞങ്ങൾ അവിടെനിന്ന് വീടുപോലെ തോന്നിക്കുന്ന ഒരു ഓഫീസിൽ എത്തി. മർവാൻ സാറിന്റെ ഫോൺ വാങ്ങി കുറേ ഫോട്ടോകൾ എടുത്തു. അതിനുശേഷം രണ്ടു എസ്കോർട്ടിലെ ആളുകൾ ഞങ്ങൾക്ക് ക്ലാസ് എടുത്തുതന്നു. കാടിൽ കയറിയാൽ ചെയ്യേണ്ടതും ചെയ്യാതിരിക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു തന്നു. അതിനുശേഷം ഞങ്ങൾ കാത്തിരുന്നതുപോലെ നല്ല ചൂടുള്ള ഉപ്പുമാവും ചായയും എത്തി പഞ്ചസാരയും കൂട്ടി ഉപ്പുമാവും കഴിച്ച് ചായയും കുടിച്ചു ഞങ്ങൾ കാടു കാണാൻ തയാറായി. ആ ഓഫീസിന്റെ അടുത്തുകൂടി ഞങ്ങൾ കാട്ടിലേക്ക് ഒരു വഴി കണ്ടിരുന്നു. ആദ്യം ആ വഴിയാണ് പോകുന്നതെന്നാണ് ഞങ്ങൾ കരുതിയത്. ഞങ്ങൾ പോകുന്നത് വലിയ കാട്ടിലേക്കാണെന്നാണ് ഞാൻ കരുതിയത്. പക്ഷേ , വിചാരിച്ചത്ര വലിയ കാടായിരുന്നില്ല അത്. കുറച്ചു നടന്നപ്പോൾ നമുക്ക് ക്ലാസ്

എടുത്തുതന്ന മാഷ് 50 കസേരയുണ്ട്,അതിലിരുന്നുകൊള്ളൂ എന്നു പറഞ്ഞു. ഞാനും കൂട്ടുകാരും കസേര തിരയുകയായിരുന്നു. പിന്നിട് മാഷ് മണ്ണിൽ ഇരിക്കുന്നതു കണ്ടു. പിന്നീടാണ് ഞങ്ങൾക്ക് നിലമാണ് സാർ ഉദ്ദേശിച്ച കസേരയെന്ന് മനസിലായത്.

ഞങ്ങൾ അവിടെയിരുന്നുകൊണ്ട് സാറിന്റെ ക്ലാസ് കേട്ടു. പിന്നീട് സാർ ഞങ്ങളോട് കണ്ണുപൂട്ടി ഇരിക്കാൻ പറഞ്ഞു. അപ്പോൾ വിവിധതരത്തിലുള്ള ശബ്ദങ്ങൾ കേൾക്കയുണ്ടായി. കിളികളുടെ ഗാനാലാപനവും അടുത്തുകൂടി ഒഴുകുന്ന പുഴയുടെ കളകള നാദവും കേട്ടു.മനുഷ്യർ നിശബ്ദരായാൽ(തനി ശബ്ദിക്കുമെന്നും മനുഷ്യർ ശബ്ദിച്ചാൽ പ്രശ്നകി ഞങ്ങൾക്ക് മനസിലായി. അനിനു ശേഷമായിരുന്നു എനിക്ക് ഏറ്റവക പ്രിയപ്പെട്ട കാര്യം നടന്നത് ഞങ്ങൾ പോർ തെറ്റിനിണംഴകുന്ന പുഴയിലേക്കാണ് മേലെ ഒന്നു നോക്കിയാൽ നാഴെയുള്ള ഉരുളൻകല്ലുകൾ സ്പഷ്ടമായി കാണാൻ ബാധിണക്ക യിരുന്നു. തീരെ മൂർച്ചയുണ്ടായിരുന്നില്ലാത്ത ആ കകകാൾ എല്ലാവരോ എന്നെയും ആകർഷിച്ചു. കാട്ടിലേക്കൊന്നും കൊണ്ടു പോയി ഇടരുാനന്നും അനിയുള്ള ഒന്നും നമ്മൾ ഇങ്ങേപ്പ് കൊ അണ്ടുവരരുതന്നു. സാർ പറഞ്ഞത് അന്നേരം എന്നിക്ക് ഓർമ്മ വന്നു ശേഷം അങ്ങൾ പുഴയിലേഖിറങ്ങി. ഐെസുപോലെ തന്നു- ത്തെ വെള്ളമായിരുന്നു. മുട്ടുവരെ പോലും അതിൽ വെള്ളമുണ്ട്യാ യിരുന്നില്ല ഞങ്ങൾ ഇക്കരെനിന്ന് അതെ വരെയും അക്കാ നിന്ന് ഇക്കരെ വരെയും നടന്നു. ഇടയ്ക്കൊക്കെ കാൽ വഴുക്കു. ന്നുണ്ടായിരുന്നു. വെള്ളത്തിൻ്റെ തണുപ്പ് ഇപ്പോഴും എന്റെ കാലിൽനിന്നും പോയിട്ടില്ല. അതിനുശേഷം സാർ പശ്ചിമഘട്ടത്തെ തുറിച്ച് ക്ലാസ് എടുത്തുതന്നു. എന്തുകൊണ്ടാണ് നദികൾ മയ- കളിൽനിന്നും ഉത്ഭവിക്കുന്നതെന്ന് മനസിലാക്കിത്തന്നു. കൂടാതെ അവയെ സംരക്ഷിക്കേണ്ടതിനെകുറിച്ചും അവബോധമുണ്ടാക്കി. കാട്ടിൽ പ്ലാസ്റ്റിക്ക് വസ്തുക്കൾ ഒന്നും നിക്ഷേപിക്കരുത് എന്നു പറ ഞ്ഞെങ്കിലും കുപ്പിച്ചില്ലുകളും പ്ലാസ്റ്റിക് കവറുകളും ഞങ്ങൾ അവിടെ കണ്ടു ഞാനും എൻ്റെ കൂട്ടുകാരും അതൊക്കെ ആകാവുന്നത്ര പെറുക്കി . നാം കാണാത്ത അറിയാത്ത എത്രയോഅത്ഭുതകൾ ഈ പ്രകൃതിയിൽ

ഉണ്ടെന്നും ഓരോന്നിനും പ്രകൃത്യാപല സവിശേഷതകളുണ്ടെന്നും എനിക്ക് മനസിലായി. . മനുഷ്യൻ്റെ ഇടപെടലുകൾ മൂലമാണ് പ്രകൃതി നശിക്കുന്നതെന്ന്എനിക്ക് മനസിലായി. ശേഷം ഞങ്ങൾ തിരിച്ച് ബസിലേക്കു കയറി.പിന്നീടു ഞങ്ങൾ ഒരു പാലത്തിൻ്റെ അടുത്തേക്കാണ് പോയത്. പോകുന്നവഴി പൊരിഞ്ഞ വെയിലായിരുന്നു. അതു-വരെ പുറത്തെടുക്കാതിരുന്ന തൊപ്പി അപ്പോൾ ഞാൻ എടുക്കേണ്ടിവന്നു. വെയിലിൽനിന്നും എത്രത്തോളമാണ് മരങ്ങൾനമ്മെ സംരക്ഷിക്കുന്നതെന്ന് ആ സന്ദർഭം എനിക്ക് മനസ്സിലാക്കിത്തന്നു. പിന്നീട് ആദ്യം കണ്ട ഓഫീസിലേക്കുതന്നെഞങ്ങൾ തിരിച്ചുചെന്നു. അവിടെഉച്ചഭക്ഷണം നമ്മളെ കാ-ത്തുനിൽക്കുന്നുണ്ടായിരുന്നു. അതുകഴിഞ്ഞ് വീണ്ടും മാഷ് കുറച്ചു കാര്യങ്ങൾ നമുക്ക് പറഞ്ഞുഞ്ഞുതന്നു. ഭക്ഷണത്തിൻ്റെ
മൂല്യം ഞങ്ങൾക്ക് പറഞ്ഞുതന്നു. പിന്നെ ഒരു കൊച്ചുകഥയും. ........

ദേവതീർത്ഥ





CHOVVA HIGHER SECONDARY SCHOOL

## ❑ പരിസ്ഥിതി ദിനാഘോഷം



CHOVVA HIGHER SECONDARY SCHOOL
NSS, SEED-ECO CLUB
എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ
ലോക പരിസ്ഥിതി ദിനാചരണം
ജൂൺ 5 തിങ്കളാഴ്ച
ഉച്ചയ്ക്ക് 2 മണിക്ക്
ഉദ്ഘാടനം
ഷാജി തേൻകുടിയൻ
പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ


DIRECTORATE OF GENERAL EDUCATION
GOVT. OF KERALA






June 5
World Environment Day
Save Earth Save life
Let's unite to save our Earth
Arts Club


വായനവാരാചരണവും
വിവിധ ക്ലബ്ബുകളുടെ
ഉദ്ഘാടനവും
June19
ചൊവ്വ ഹയർ സെക്കണ്ടറി സ്കൂൾ
വായന
വാരാചരണവും
വിവിധ ക്ലബ്ബുകളുടെ
ഉദ്ഘാടനവും
2023 ജൂൺ 19 തിങ്കൾ
ഉദ്ഘാടനം
നാരായണൻ
കാവുമ്പായി
പ്രതിജ്ഞ
വായനമത്സരം
പ്രശ്നോത്തരി
പുസ്തകാസ്വാദനം
വായനശാലസന്ദർശനം
പ്രസംഗമത്സരം
വാർത്തവായന
മണലെഴുത്ത്
സമ്മാനദാനം
CHOVVA HSS Management, Staff & PTA



മണലെഴുത്ത്




ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ചൊവ്വ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ നടത്തിയ ലഹരിവിരുദ്ധ റാലി

## വിജയോത്സവം 2023





ചൊവ്വ ഹയർ സെക്കന്ററി സ്കൂൾ 2022-2023 വർഷത്തിലെ ഉന്നതവിജയികളെ അനുമോദിക്കുന്നു.
പ്രമുഖ സിനിമ നടൻ ശിവദാസ് കണ്ണൂർ സംസാരിക്കുന്നു.



**ഒളിമ്പിക്സ് ദിനാഘോഷം, കൂട്ടയോട്ടത്തിന് ഫ്ളാഗ്ഓഫ് ചെയ്യുന്ന പ്രഥമാധ്യാപിക ഇ.മിനി ടീച്ചർ**




അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ചൊവ്വ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസിൽ തലശ്ശേരി സീനിയർ സിവിൽ എക്സൈസ് ഓഫീസർ കെ.കെ സമീർ സംസാരിക്കുന്നു.




അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ചൊവ്വ ഹയർസെക്കൻഡറി സ്കൂളിലെ എൻ.സി.സി എൻ.എസ്.എസ് വളണ്ടിയർമാരുടെ നേതൃത്വത്തിൽ നടന്ന യോഗ പരിശീലന ക്ലാസിൽ നിന്നും


CHOVVA
HIGHER
SECONDARY
സ്കൂൾ
2022-23 USS
Winners
CHOVVA HIGHER SECONDARY SCHOOL
2022-23 USS WINNERS


ചൊവ്വ ഹയർ
സെക്കൻഡറി
സ്കൂൾ
ശാസ്ത്രമേള '
2023



Chovva HSS Annual Sports Meet 2023




ചൊവ്വ ഹയർ സെക്കൻഡറി സ്കൂൾ കലോത്സവം 2023



**വിദ്യാർത്ഥികളിൽ കൗതുകമുണർത്തി അടൽ ടിങ്കറിംഗ് റോബോട്ടിക്സ് വർക്ക് ഷോപ്പ്**




## നന്ദിയോടെ............ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

Kite Master :KRISHNAMURALI M
Kite Mistress :BINDU TK

*Student Editors :*

***GOPAL KRISHNA.A***

***DEVATHEERTHA M***

***ADWAITH SANATH***

***SHIVANANDH DILEEP***